LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ Multi State Co-operative Societies-ന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി സർക്കാർ ഇതിനകം ഇടപെടൽ നടത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്. സഹകരണ പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ എല്ലാവിധ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി

26(*476) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

പ്രതിസന്ധിയിലായിട്ടില്ല.

(ബി) വിറ്റുപോയ ഓട്ടോറിക്ഷകളുടെ ബാറ്ററികൾ പ്രവർത്തിക്കുന്നില്ലെന്ന കാരണത്താൽ വിതരണക്കാർ ഡീലർഷിപ്പ് ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഡീലർഷിപ്പ് ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

(സി) ഇ-ഓട്ടോ പ്രവർത്തിക്കാത്തതുമൂലം പ്രതിസന്ധിയിലായ ഡീലർഷിപ്പുക്കാർക്കുണ്ടായ നഷ്ടം നികത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഇന്നുവരെ വിറ്റുപോയിട്ടുള്ള ഇ-ഓട്ടോകൾ ഒന്നുംതന്നെ പ്രവർത്തിക്കാതെ വന്നിട്ടില്ല. വിൽക്കുന്ന ഓട്ടോകൾക്ക് കമ്പനി രണ്ടു വർഷത്തേയ്ക്ക് വാറന്റി നൽകുന്നുണ്ട്. ഭാവിയിൽ പ്രവർത്തിക്കാതെ വന്നാൽ കമ്പനി നേരിട്ട് സർവ്വീസ് നടത്തി ഇവ പ്രവർത്തനക്ഷമമാക്കുന്നതാണ്. ഇ-ഓട്ടോ സർവ്വീസ് സെന്ററുകൾ ഡീലർമാർ മുഖേന പ്രവർത്തിപ്പിക്കുന്നതിനാൽ, ഇ-ഓട്ടോയ്ക്ക് ചെറിയ തകരാറുകൾ ഉണ്ടായാൽ തന്നെയും ഉടൻതന്നെ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. അതിനാൽ ഇ-ഓട്ടോ പ്രവർത്തിക്കാത്തതുമൂലമുള്ള പ്രതിസന്ധിക്ക് സാദ്ധ്യതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ വിദേശ രാജ്യങ്ങളിലേയ്ക്ക് ഇതിനോടകം കയറ്റി അയച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കയറ്റുമതി നടത്തിയിട്ടുണ്ട്. 22 ഇ-ഓട്ടോകൾ നേപ്പാളിലേയ്ക്ക് കയറ്റി അയച്ചിട്ടുണ്ട്. കൂടുതൽ ഓർഡറുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീലങ്ക, ടാൻസാനിയ എന്നിവിടങ്ങളിൽനിന്നും അന്വേഷണങ്ങൾ ലഭിച്ചിട്ടുണ്ട്.

കാർഷിക സഹകരണ സംഘങ്ങളിൽ ഡിജിറ്റൽ ബാങ്കിംഗ്

27(*477) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഡിജിറ്റൽ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംഘങ്ങൾക്കായി ഏകീകൃത ബാങ്കിംഗ് സോഫ്റ്റ്വെയർ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1611 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി 10-8-2020-ലെ സ.ഉ.(സാധാ) 345/2020/സഹ നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവരുൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കിയിട്ടുമുണ്ട്. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ